## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5345 27.07.2015 ൽ മറുപടിയ്ക്ക്

## വള്ളികുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ വള്ളികുന്നം വില്ലേജാഫീസ് കെട്ടിടം സുരക്ഷിതമല്ലെന്നതു ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വള്ളികുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ടും, ഭരണാനുമതിയും റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) വള്ളികുന്നം പഞ്ചായത്തിലെ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) വള്ളികുന്നം പഞ്ചായത്തിലെ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ടും, ഭരണാനുമതിയും കൃഷി വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗത്തിന് ചുമതല നൽകി ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെട്ട-ുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ